STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.432/PR/SPMC/PHQ/2025 Date: 20.12.2025

# ദേശീയ വനിതാ കമ്മിഷൻ അദാലത്ത്; 53 പരാതികൾക്ക് തീർപ്പ് കൽപ്പിച്ചു

കേരളാ പോലീസിന്റെയും ദേശീയ വനിതാ കമ്മീഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ദേശീയ വനിത കമ്മീഷൻ അംഗം ദലീന ഘോങ്ങ് ദൂപിന്റെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് നടന്ന അദാലത്തിൽ ലഭിച്ച 53 പരാതികൾ തീർപ്പാക്കുകയും. പുതുതായി ലഭിച്ച 4 പരാതികളിൽ FIR രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

2023 മുതൽ 2025 വരെയുള്ള കാലയളവിൽ തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ, കൊല്ലം സിറ്റി, കൊല്ലം റൂറൽ, പത്തനംതിട്ട, കൊച്ചി സിറ്റി, കണ്ണൂർ സിറ്റി, കാസറഗോഡ് എന്നീ പോലീസ് ജില്ലകളിൽ നിന്ന് ലഭിച്ച പരാതികളാണ് അദാലത്തിൽ പരിഗണിച്ചത്.

തങ്ങളുടെ അവകാശങ്ങൾ ഹനിക്കപ്പെടുന്ന ഏതവസരത്തിലും സ്ത്രീകൾക്ക് ദേശീയ വനിതാ കമ്മീഷൻ മുൻപാകെ പരാതി സമർപ്പിക്കാമെന്ന് അദാലത്ത് ഉദ്ഘാടനം ചെയ്തു കൊണ്ട് ദേശീയ വനിതാ കമ്മീഷൻ അംഗം ദലീന ഘോങ്ങ്ധൂപ് പറഞ്ഞു.

പരാതിക്കാരെ നേരിൽ കേൾക്കാനും അവ എത്രയും പെട്ടെന്ന് പരിഹരിക്കാനുമാണ് ദേശീയ വനിതാ കമ്മീഷൻ മഹിളാ ജൻ സുൻവാണി എന്ന പേരിൽ സംസ്ഥാനങ്ങളിൽ നേരിട്ട് അദാലത്തുകൾ നടത്താൻ തീരുമാനിച്ചിട്ടുള്ളതെന്നും അവർ പറഞ്ഞു.

മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിലെ വനിതകൾ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവതികളാണെന്നും ദേശീയ വനിതാ കമ്മീഷൻ അംഗം പറഞ്ഞു.

വനിതാ ശാക്തീകരണത്തിൻറെ കാര്യത്തിൽ സംസ്ഥാനവും കേരള പോലീസും രാജ്യത്തിന് തന്നെ മാതൃകയായ നിരവധി പദ്ധതികൾ നടപ്പാക്കിവരുകയാന്നെന്ന് ചടങ്ങിൽ  അധ്യക്ഷത വഹിച്ചു സംസാരിച്ച പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി എസ് ശ്രീജിത്ത് പറഞ്ഞു.

ചടങ്ങിൽ പരിശീലന വിഭാഗം ഐ.ജി ഗുഗുലോത്ത് ലക്ഷ്മൺ, തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജിയും ജനമൈത്രി സുരക്ഷാ പദ്ധതിയുടെ സ്റ്റേറ്റ് നോഡൽ ഓഫീസറുമായ എസ്.അജീത ബീഗം, സംസ്ഥാന വനിതാ കമ്മീഷൻ അംഗം ഇന്ദിര രവീന്ദ്രൻ, മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥർ, എന്നിവർ സംബന്ധിച്ചു.

***************************